**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2512** **07-07-2022 - ൽ മറുപടിയ്ക്ക്**

**ഖാദി ഉല്പന്നങ്ങളുടെ പ്രചാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഖാദി ഉല്പന്നങ്ങളുടെ പ്രചാരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. ഖാദി ഉല്പന്നങ്ങളുടെ പ്രചരണത്തിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവ കാലങ്ങളിൽ പ്രത്യേക റിബേറ്റ് (സംസ്ഥാനത്തിനകത്ത് ഉൽപാദിപ്പിക്കുന്ന ഖാദി വസ്തങ്ങൾക്ക് മാത്രം), ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യപ്രചാരണം, ഉത്സവ കാലങ്ങളിൽ സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. ഫ്ലിപ്പ്കാർട്ടുമായി സഹകരിച്ച് ഓൺലൈൻ മാർക്കറ്റിംഗ് ആരംഭിച്ചിട്ടുണ്ട് . ഖാദി മേഖല സംരക്ഷിക്കുന്നതിന്റെ ഭാഗമായും പ്രചാരണത്തിന്റെ ഭാഗമായും സർക്കാർ ജീവനക്കാരും, അദ്ധ്യാപകരും, പൊതുമേഖല / സഹകരണ വിഭാഗത്തിലെ ജീവനക്കാരും ആഴ്ചയിൽ ഒരു ദിവസം ഖാദി വസ്ത്രം ധരിക്കണമെന്ന് ഗവൺമെന്റ് ഉത്തരവ് നൽകിയിട്ടുണ്ട്. വിവിധ സംഘടനകളുമായി സഹകരിച്ച് പ്രചരണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഖാദി വസ്ത്രം ധരിക്കുന്നത് സംബന്ധിച്ച് ഖാദി സർവ്വേയും സംഘടിപ്പിച്ചിട്ടുണ്ട്. "ഖാദി പഴയ ഖാദി അല്ലാ" എന്ന മെസ്സേജ് ഉപഭോക്താക്കളിൽ എത്തുന്ന വിധത്തിലുള്ള മാറ്റങ്ങളാണ് ഖാദി വസ്ത്രങ്ങളിൽ വരുത്തിയിട്ടുള്ളത്. പുതിയ തലമുറയെ ആകർഷിക്കത്തക്കവിധം വെസ്റ്റേൺ വെയേഴ്സ്, പാർട്ടി വെയർ, കാഷ്വൽ ഓഫീസ് വെയർ, ചുരിദാർ ടോപ്, കിഡ്സ് വെയർ, അംഗൻവാടി യൂണിഫോം, റ്റീച്ചേഴ്സ് അപ്പ്റോൺ, ഡോക്ടേഴ്സ് കോട്ട്, കാക്കി യൂണിഫോം, ബ്രൈഡൽ വെയേഴ്സ് തുടങ്ങി എല്ലാ പ്രായക്കാർക്കും ഉള്ള ഖാദി വസ്ത്രങ്ങൾ ഡിസൈൻ ചെയ്തുകഴിഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ |

| | | | |
|---|---|---|---|
| | | | ടെക്നോളജിയുടെ ഡിസൈനർമാരാണ് ഇവ ഡിസൈൻ ചെയ്യുന്നത്. ഇത് കൂടാതെ എല്ലാ ഖാദി ഷോപ്പുകളിലും ഡിസൈനർമാരുടെ സേവനം ലഭ്യമാണ്. കസ്റ്റമറുടെ ചോയ്സ് അനുസരിച്ച് ഡിസൈൻ ചെയ്തു തയ്ച്ചുകൊടുക്കുന്നു. കൂടാതെ ഖാദി ഷോ പോലുള്ള പരിപാടികൾ, ആധുനിക രീതിയിലുള്ള വിപണന ശാലകൾ തുടങ്ങിയവ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം 2022-ലെ ഓണത്തോടനുബന്ധിച്ച് സമ്മാന പദ്ധതികൾ ആവിഷ്കരിച്ച് കൂടുതൽ മേളകൾ സംഘടിപ്പിച്ച് പ്രചാരണം നടത്തുന്നതിനും ലക്ഷ്യമിടുന്നതു കൂടാതെ KSRTC യുമായി സഹകരിച്ച് മൊബൈൽ സെയിൽസ് വാനുകൾ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നു. |
| (ബി) | ഖാദി നെയ്ത്തുപകരണങ്ങൾ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ? | (ബി) | ഉണ്ട്. ഐ.ഐ.റ്റി, ചെന്നൈയുമായിചേർന്ന് പഠനം നടത്തുന്നതോടൊപ്പം ആലപ്പുഴയിലെ കെ.എസ്. സി. എം.എം.സിയെ കൂടി ഉൾപ്പെടുത്തി നടപടികൾ ആരംഭിയ്ക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ